# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 7**

---

## റിസർച്ച് അസോസിയേറ്റ്, ജൂനിയർ റിസർച്ച് ഫെലോ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ റൂസ്സ സ്കീമിന്റെ വിവിധ പ്രോജക്ടുകളിലേക്കായി റിസർച്ച് അസോസിയേറ്റിന്റെ ഒന്നും ജൂനിയർ റിസർച്ച് ഫെലോയുടെ ആറും തസ്തികകളിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനം.

റിസർച്ച് അസ്സോസിയേറ്റ് തസ്തികയിൽ 50000 രൂപയും ജൂനിയർ റിസർച്ച് ഫെലോ തസ്തികയിൽ 30000 രൂപയും പ്രതിമാസ വേതനം ലഭിക്കും.

യോഗ്യരായവർ പൂർണമായ സി.വിയും അനുബന്ധ രേഖകൾ ഒറ്റ പി.ഡി.എഫ് ഫയലായി socs@mgu.ac.in എന്ന വിലാസത്തിലേക്ക് ഓഗസ്റ്റ് 11 വരെ അയക്കാം. യോഗ്യത സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/941/2023)

## ടൈം ടേബിൾ

രണ്ടാം സെമസ്റ്റർ ബി.വോക്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയിൽ മൂന്നു പേപ്പറുകൾ കൂടി ഉൾപ്പെടുത്തി. പരീക്ഷകൾ ഓഗസ്റ്റ് 16,18,21 തീയതികളിൽ നടക്കും.

(പി.ആർ.ഒ/39/942/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് ആൻറ് അപ്ലൈഡ് ഇലക്ട്രോണിക്സ് - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നാളെ(ഓഗസ്റ്റ് 9) മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

...................

നാലാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി - ജൂലൈ

2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 10 മുതൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/943/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി - ഫെബ്രുവരി 2023(ഓണേഴ്സ് - 2012-2015 അഡ്മിഷനുകൾ സപ്ലിമെൻററി, 2011 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്), ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി - മാർച്ച് 2023(ഓണേഴ്സ് - 2016,2017 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ഓഗസ്റ്റ് 19 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

....................

മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ എൽ.എൽ.ബി - ജനുവരി 2023(ഓണേഴ്സ് - 2015-2017 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ഓഗസ്റ്റ് 21 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

....................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി ഫൈറ്റോമെഡിക്കൽ ആൻറ് ടെക്നോളജി, എം.എസ്.സി ആക്ചൂരിയൽ സയൻസ്(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 22 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

....................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ്, എം.എസ്.സി ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 22 വരെ ഓൺലൈനിൽ അപേക്ഷിക്കാം

(പി.ആർ.ഒ/39/944/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**